പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 03.02.2014- ലെ മറുപടിക്ക്

നം. T. 4125

## ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | എ) | 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം സംസ്ഥാനത്തെ ഹോട്ടലുകളിലും ക്യാന്റീനുകളിലും ഡെസിഗ്നേറ്റഡ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്പെഷ്യൽ സക്വാഡുകൾ രൂപീകരിച്ച് ആവർത്തിച്ച് പരിശോധന നടത്തി കോമ്പൗണ്ടിംഗ് ചെയ്തു വരുന്നു. 27,55,000/- രൂപ കോമ്പൗണ്ട് ചെയ്യുകയും. 3 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചിട്ടുണ്ട്. 1985 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 107 സ്ഥാപനങ്ങൾ അടച്ചു പൂട്ടുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) | അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴം, പച്ചക്കറി എന്നിവയിൽ കൂടിയ അളവിൽ വിഷാംശം അടങ്ങിയിട്ടുണ്ട് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴം, പച്ചക്കറി എന്നിവ പരിശോധിച്ചതിൽ, Organo Phosphorus Pesticide, Organo Chloro Pesticide എന്നിവയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. നിലവിൽ കീടനാശിനിയുടെ അളവ് നിയമപരമായ പരിധിക്കുള്ളിലാണോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം അനലിറ്റിക്കൽ ലാബുകളിൽ ലഭ്യമല്ല. |
| സി) | ഗുണ നിലവാരം പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ? | സി) | ഗുണനിലവാരം പരിശോധിക്കാൻ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബുകളിലും, പത്തനംതിട്ടയിലെ ജില്ലാ ലാബിലും സൗകര്യമുണ്ട്. കൂടാതെ കാർഷിക സർവ്വകലാശാലയുടെയും. Central Institute of Fisheries Technology എന്ന സ്ഥാപനത്തിന്റെയും സേവനവും ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ